പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1331

03.10.2016-ൽ മറുപടിയ്ക്ക്.

## ട്രാഫിക് നിയമ ലംഘനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ട്രാഫിക് നിയമം ലംഘിച്ചതിന് കാസർകോട് സബ് ഡിവിഷനു കീഴിൽ ഉള്ള പോലീസ് സ്റ്റേഷനുകളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകാമോ ; | (എ) 2016 ജനുവരി 1 മുതൽ ആഗസ്റ്റ് 31 വരെ ട്രാഫിക് നിയമം ലംഘിച്ചതിന് 952 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു. |

| പോലീസ് സ്റ്റേഷൻ | കേസ്സുകളുടെ എണ്ണം |
|---|---|
| കുമ്പള | 130 |
| മഞ്ചേശ്വരം | 81 |
| വിദ്യാനഗർ | 34 |
| ബദിയടുക്ക | 77 |
| ആദൂർ | 168 |
| ബേഡകം | 205 |
| കാസർഗോഡ് | 130 |
| ട്രാഫിക് പോലീസ് സ്റ്റേഷൻ | 127 |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം സെക്ഷനുകൾ പ്രകാരമാണ് പ്രസ്തുത കേസുകൾ രജിസ്റ്റർ ചെയ്തത് ; പ്രസ്തുത കേസുകളിൽ നൽകിയ ശിക്ഷാ നടപടികൾ എന്താണ് എന്ന് വ്യക്തമാക്കാമോ ; പിഴ ചുമത്തി കേസുകൾ തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ഓരോ കേസിനും ചുമത്തിയ പിഴയുടെ തുകയും കേസ് രജിസ്റ്റർ ചെയ്ത ഓഫീസറുടെ പേരും വ്യക്തമാക്കാമോ ; | (ബി) | Section 279 IPC, 336 IPC, 283 IPC, 132 MV Act, 184 MV Act എന്നീ വകുപ്പുകൾ പ്രകാരം എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |
| (സി) | വാഹന പരിശോധനയിൽ പോലീസ് പാലിക്കേണ്ട നടപടികളെക്കുറിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഡി.ജി.പി.യോ സർക്കാരോ നൽകിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തു നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്താൻ എന്ത് സംവിധാനമാണുള്ളത് ; | (സി) | ഉണ്ട്. വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനെക്കുറിച്ചും വാഹനങ്ങൾ പരിശോധിക്കുന്നതിനെക്കുറിച്ചും യഥാസമയങ്ങളിൽ സംസ്ഥാന പോലീസ് മേധാവി സർക്കുലർ മുഖേന നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ജില്ലാ പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | ബൈക്കിൽ സഞ്ചരിക്കുന്ന ഷാഡോ പോലീസുകാരടക്കം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വാഹന പരിശോധനയുമായി ബന്ധപ്പെട്ട നിയമങ്ങൾക്കും അനുശാസനകൾക്കും അനുസൃതമാണോ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ